# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.48

13-01-2021 ൽ മറുപടിക്ക്

**കിഫ്ബിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ. സി. കെ ദാസൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ .പ്രസേനൻ<br>പ്രൊഫ . കെ. വി. അബ്ദുൾ ഖാദർ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 60,096.35 കോടി രൂപയുടെ 821 പദ്ധതികൾക്കാണ് കിഫ്ബി മുഖേന നാളിതുവരെ ധനാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 20000 കോടി രൂപയുടെ സമഗ്ര ലാൻഡ്അക്ക്വിസിഷൻ പദ്ധതിയും ഉൾപ്പെടുന്നു. വകുപ്പ് തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) കിഫ്ബി മുഖേനയുള്ള നിർമ്മാണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിയ്ക്കു സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങ്) ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും SPV യ്ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സെർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിന് മുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സെർവേഷൻ മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പ്രവൃത്തി തടഞ്ഞുവയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും |

ചെയ്യുന്നുണ്ട്.

താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

i. ഓട്ടോ ലാബ്: പദ്ധതികളുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ളസംവിധാനം ആണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയുംഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു.

ii. ഡ്രോൺ ബേസ്ഡ് ക്വാളിറ്റി / പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെപുരോഗതി മനസിലാക്കുകയും ചെയ്യുന്നു.

iii. സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്തു പ്രവൃത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നു.

iv. നോൺ-ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എക്വിപ്മെൻറ്: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തനങ്ങളെ തടസപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.

v. ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ: നിർമാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കിഫ്ബി ഓഫീസിൽ ഇരുന്നു തന്നെ വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു

vi. നെറ്റ്‌വർക്ക് ലാബ് സിസ്റ്റം : നൂതന

| | |
|---|---|
| | സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് മെറ്റീരിയലുകളുടെ അത്യാധുനിക ടെസ്റ്റിംഗ് ലാബ്.<br>vii. <u>ടെക്നിക്കൽ റിസോഴ്സ് സെൻറ്റർ:</u> സെൻറ്റർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ് .പി.വി.കൾ ക്ക് ആവശ്യമുള്ള സാങ്കേതികസഹായങ്ങളും ലഭ്യമാക്കുന്നു. |
| (സി) കിഫ്ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | കിഫ്ബി C & A G ഓഡിറ്റിന് വിധേയമാണ്. 2020 ജൂലൈ മാസം വരെയുള്ള കാലയളവിലെ സി&എജി ഓഡിറ്റ് കിഫ്ബിയിൽ പൂർത്തിയായിട്ടുണ്ട്. കിഫ്ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിങ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ട്. കിഫ് ആക്റ്റ് നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതു കൂടാതെ ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം, ടാക്സ് ഓഡിറ്റിംഗ് സംവിധാനം അന്താരാഷ്ട്ര നിക്ഷേപകരുടെ താല്പര്യ പ്രകാരമുള്ള പിയർ റിവ്യൂ ഓഡിറ്റിംഗ് എന്നിവയും കിഫ്ബിയിൽ നടന്നുവരുന്നു. ഇത്തരത്തിൽ കിഫ്ബിയുടെ വരവ് ചെലവ് കണക്കുകൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ട്. കിഫ് ആക്റ്റ് പ്രകാരം കിഫ്ബിയുടെ ഓഡിറ്റ് ചെയ്ത കണക്കുകളും ഫിഡലിറ്റി സർട്ടിഫിക്കറ്റ് അടങ്ങുന്ന റിപ്പോർട്ടും ബജറ്റ് രേഖകൾക്കൊപ്പം നിയമസഭയിൽ സമർപ്പിക്കേണ്ടതുമുണ്ട്.<br>അതോടൊപ്പം പദ്ധതി നിർവഹണം സംബന്ധിച്ച് ഓഡിറ്റുകളും കിഫ്ബിയിൽ നിലവിലുണ്ട്. ഇന്റേണൽ ക്വാളിറ്റി ഓഡിറ്റ് സെൽ, സ്വതന്ത്ര ക്വാളിറ്റി ഓഡിറ്റ് എന്നിവയാണവ. കിഫ്ബി പദ്ധതികൾ മികച്ച നിലവാരത്തിലാണ് നിർമിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ ഇവ സഹായിക്കും. പദ്ധതി നിർവഹണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും |

| | |
|---|---|
| | സത്വരവുമായ നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു. |
| (ഡി) കിഫ്ബിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനും അവരുടെ സംശയനിവാരണത്തിനുമായി പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | പൊതുജനങ്ങൾക്കും നിക്ഷേപകർക്കും ഉൾപ്പടെ ആർക്കും കിഫ്ബിയുടെ പ്രവർത്തനങ്ങളിലോ പദ്ധതികളിലോ ഉള്ള പരാതികളും അഭിപ്രായങ്ങളും അറിയിക്കുന്നതിനും അവയിൽ നടപടികൾ സ്വീകരിക്കുന്നതിനും ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനം (Grievance Redressal Portal) നിലവിലുണ്ട്. കിഫ്ബിയുടെ വെബ് സൈറ്റിലാണ് ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്.<br>ഇപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട സെക്ഷന് കൈമാറുന്നു. പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നതിൽ കിഫ്ബി ശ്രദ്ധ പുലർത്താറുണ്ട്. ഈ സംവിധാനം മുഖേന സമർപ്പിക്കുന്ന തന്റെ പരാതികളുടെ സ്ഥിതി കൃത്യമായി അറിയുവാനും പരാതിക്കാരന് സാധിക്കും. അതോടൊപ്പം എല്ലാ സർക്കാർ സംവിധാനങ്ങൾക്കും ബാധകമായിട്ടുള്ള വിവരാവകാശ നിയമവും ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ എന്നിവയിലൂടെ ലഭിക്കുന്ന പരാതികളും പരിശോധിച്ചു വരുന്നു. |

ജോയിന്റ് സെക്രട്ടറി